# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.4038 — 03.02.2014 ൽ മറുപടിക്ക്

**സ്കൂളുകളിലെ സമഗ്ര ആരോഗ്യപരിപാടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ.പി.സി.ജോർജ്ജ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾവിദ്യാർത്ഥികളിൽ ജീവിത ശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിരുന്നുവോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ വിദ്യാർത്ഥികൾക്കും നടത്തുന്ന പ്രാഥമിക ആരോഗ്യ പരിശോധനയിൽ ജീവിത ശൈലി രോഗങ്ങളുടെ പ്രാരംഭ ലക്ഷണങ്ങളായ രക്താതിസമ്മർദ്ദം (ബ്ലഡ് പ്രഷർ) അമിതഭാരം (ഓവർവെയിറ്റ്), ഒബീസിറ്റി (അമിതവണ്ണം) തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പഠനം ന്യൂട്രീഷ്യൻ ബോർഡ് ചില ജില്ലകളിൽ നടത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ന്യൂട്രീഷ്യൻ ബോർഡ് നിന്നും ശേഖരിച്ചത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) കുട്ടികളിലെ ജീവിത ശൈലീ രോഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുന്നതിനും ഉതകുന്നതരത്തിൽ സ്കൂളുകളിൽ സമഗ്ര ആരോഗ്യപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) സംസ്ഥാനത്ത് ജീവിത ശൈലി രോഗങ്ങൾ നാൾക്കുനാൾ കൂടി വരുന്നതായിട്ടാണ് പഠനങ്ങളും കണക്കുകളും സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിലെ 10 ലക്ഷം വിദ്യാർത്ഥികൾക്കിടയിൽ ഈ അടുത്തകാലത്ത് നടത്തിയ സർവ്വേപ്രകാരം 2.7% വിദ്യാർത്ഥികൾക്ക് അധികഭാരമുള്ളതായും 0.8% വിദ്യാർത്ഥികൾക്ക് പൊണ്ണത്തടി ഉള്ളതായും കണ്ടെത്തി.<br>ജീവിത ശൈലി രോഗങ്ങൾ നമ്മുടെ നാട്ടിൽ നിയന്ത്രിക്കപ്പെടണമെങ്കിൽ ബാല്യ/ കൗമാര തലം മുതൽ ഉതകുന്ന പ്രതിരോധ നടപടികളും ജീവിതശൈലി മാറ്റങ്ങളും |

അത്യന്താപേക്ഷിതമാണ്. ഇത് മുന്നിൽ കണ്ടുകൊണ്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രിസഭയുടെ 2-ാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച 7 ഇന പരിപാടിയിൽ ഉൾപ്പെടുത്തിയ ബൃഹത് പദ്ധതിയാണ് വിദ്യാർത്ഥികൾക്ക് ജീവിത ശൈലി രോഗബോധവൽക്കരണവും, പരിശോധനയും ഉൾക്കൊള്ളുന്ന സമഗ്ര ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതി (എൽ.ഇ.എ.പി)

ഈ പദ്ധതിയിലൂടെ 7 പ്രധാനപ്പെട്ട ലക്ഷ്യങ്ങളാണ് മുന്നോട്ട് വെച്ചിരിക്കുന്നത്.

1. ചിട്ടയായ വ്യായാമം. ആരോഗ്യകരമായ ആഹാരക്രമം എന്നിവയിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ബോധവൽക്കരണ ക്ലാസ്സുകൾ
2. വിദ്യാലയങ്ങളിൽ വ്യായാമങ്ങൾക്ക് സൗകര്യമൊരുക്കുക
3. വിദ്യാലയങ്ങളിലേക്കും തിരിച്ചും കാൽനടയും സൈക്കിൾ യാത്രയും പ്രോത്സാഹിപ്പിക്കുക.
4. പച്ചക്കറിത്തോട്ടനിർമ്മാണം, ആരോഗ്യകരമായ ഭക്ഷണം ഉണ്ടാക്കുന്ന രീതി എന്നിവയിൽ പരിശീലനം
5. യോഗ, കായികാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുക
6. ജീവിത ശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനായുള്ള പരിശോധനകൾ
7. ജീവിത ശൈലി രോഗനിയന്ത്രണത്തിനായി വിദ്യാർത്ഥികളിലൂടെ ബോധവത്കരണ സന്ദേശങ്ങൾ

സെക്ഷൻ ഓഫീസർ

9

Q. No. 4038

## പോഷകാഹാര ഗവേഷണകേന്ദ്രം

## തിരുവനന്തപുരം

ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പോഷകാഹാര ഗവേഷണകേന്ദ്രം കേരളത്തിലെ 10-13 വയസ്സ് പ്രായത്തിലുള്ള സ്കൂൾ കുട്ടികളുടെ പോഷണനിലവാര നിർണ്ണയ സർവ്വേ (BMIയുടെ അടിസ്ഥാനത്തിൽ) നടത്തുവാൻ തീരുമാനിക്കുകയും അതിൻ പ്രകാരം 2012-13,2013-14 എന്നീ വർഷങ്ങളിൽ പാലക്കാട്,വയനാട്,തിരുവനന്തപുരം,ആലപ്പുഴ,ഇടുക്കി,മലപ്പുറം എന്നീ ജില്ലകളിലെ തെരെഞ്ഞെടുത്ത സ്കൂളുകളിൽ സർവ്വേ നടത്തുകയുണ്ടായി. ഈ ജില്ലകളിൽ 54.44% കുട്ടികൾ പോഷണവൈകല്യമുള്ളവരാണെന്ന് കണ്ടെത്തിയിട്ടുണ്ട് (ന്യൂനപോഷണവും അമിതഭാരവും). വിശദമായ സർവ്വേഫലം താഴെക്കൊടുത്തിരിക്കുന്നു.

| ജില്ല | പരിശോധിച്ച ആകെ കുട്ടികൾ | സാധാരണാവസ്ഥയിലുള്ളവർ (Normal) (%) | ന്യൂനപോഷണാവസ്ഥയിലുള്ളവർ (Under Nutrition)(%) | അമിതഭാരമുള്ളവർ (Overweight) (%) | പോഷണവൈകല്യമുള്ളവർ (Malnourished) ആകെ(%) |
|---|---|---|---|---|---|
| പാലക്കാട് | 3850 | 44.88 | 52.65 | 2.47 | 55.12 |
| വയനാട് | 3713 | 46.38 | 50.39 | 3.23 | 53.62 |
| ആലപ്പുഴ | 6353 | 42.80 | 47.63 | 9.57 | 57.2 |
| തിരുവനന്തപുരം | 7788 | 45.42 | 43.95 | 10.63 | 54.58 |
| മലപ്പുറം | 3640 | 45.0 | 46.5 | 8.50 | 55.0 |
| ഇടുക്കി | 3499 | 48.9 | 41.98 | 9.12 | 51.1 |
| ആകെ | 28843 | 45.56 | 47.18 | 7.25 | 54.44 |

കൗമാരപ്രായത്തിലുള്ള സ്കൂൾ കുട്ടികൾ അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവർക്ക് പോഷകാഹാരത്തിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച അവബോധം സൃഷ്ടിക്കുകയാണ് കുട്ടികളിലെ പോഷണക്കുറവ് പരിഹരിക്കാനുതകുന്ന വിവിധ പ്രവർത്തനങ്ങളിൽ പ്രധാനം. അതിന്റെ ഭാഗമായി സർവ്വേ നടത്തിയ എല്ലാ സ്കൂളുകളിലേയും പോഷണവൈകല്യമുള്ള കുട്ടികളുടെ അമ്മമാർക്ക് സർവ്വേയുടെ തുടർച്ചയായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയുണ്ടായി. കൂടാതെ പോഷണവൈകല്യമുള്ള കുട്ടികളെ ഒരു വർഷത്തെ നിരന്തര മോണിറ്ററിങ്ങിന് വിധേയമാക്കുന്നതിനായി ഈ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ക്ലാസ്സ് അദ്ധ്യാപകർ, സ്കൂൾ JPHN എന്നിവരോടൊപ്പം രണ്ട് റിസോഴ്സ് അദ്ധ്യാപകരേയും പരിശീലനം നൽകി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇതോടൊപ്പം കുട്ടികളുടെ അവബോധത്തിനുതകുന്ന പോഷണവൈകല്യം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളും സമീകൃതാഹാരം,വ്യായാമം എന്നിവയുടെ പ്രാധാന്യവും സൂചിപ്പിക്കുന്ന ഒരു അനിമേറ്റഡ് സി.ഡി നിർമ്മിക്കുകയും അത് സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനായി നൽകി വരുകയും ചെയ്യുന്നു.

കൂടാതെ കേരളത്തിലെ എല്ലാ സർക്കാർ, എയിഡഡ് സ്കൂളുകളിലേയും രണ്ട് അദ്ധ്യാപകർക്ക് (യു.പി വിഭാഗത്തിൽ നിന്നും സയൻസ് അദ്ധ്യാപിക/അദ്ധ്യാപകനും എച്ച്.എസ് വിഭാഗത്തിൽ നിന്നും ബയോളജി അദ്ധ്യാപിക/അദ്ധ്യാപകനും) പ്രായോഗിക പോഷണത്തിൽ വിദഗ്ധ പരിശീലനം നൽകുവാൻ ഈ കേന്ദ്രം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ മുഴുവൻ സ്കൂളുകളിലേയും അദ്ധ്യാപകരുടെ പരിശീലനം പൂർത്തിയായിക്കഴിഞ്ഞു. 2014 ഫെബ്രുവരി മാസം 4-ാം തീയതി മുതൽ ആലപ്പുഴ ജില്ലയിലെ പരിശീലനം ആരംഭിക്കുകയാണ്. വരുന്ന സാമ്പത്തിക വർഷത്തിൽ മറ്റുള്ള ജില്ലകളിലെ പരിശീലനം പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ